# കേരള സർവകലാശാല

നം. പി.ആർ.060/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പെൻഷൻകാർ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കണം

കേരള സർവകലാശാലയിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവർ ഏപ്രിൽ ഒന്ന് മുതൽ മേയ് 15 വരെ മസ്റ്റർ ചെയ്യുകയോ, ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ചെയ്യണം. അല്ലാത്തപക്ഷം ജൂൺ മുതൽ പെൻഷൻ ലഭിക്കുന്നതല്ല. മസ്റ്റർ ചെയ്യാൻ തിരിച്ചറിയൽ രേഖ സഹിതം ഹാജരാകണം. 2018-19 സാമ്പത്തിക വർഷം ആദായ നികുതിയുടെ പരിധിയിൽ വരുന്നവർ നികുതി കണക്കാക്കി അനുബന്ധ രേഖകൾ പെൻഷൻ സെക്ഷനിൽ നൽകണം.

*(എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കാനുള്ളത്)*

## ബി.എ/ബി.എസ്സി/ബി.കോം ടൈംടേബിൾ

മാർച്ച് 26-ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം ബി.എ/ബി.എസ്സി/ബി.കോം പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പി.എച്ച്.ഡി പ്രവേശന പരീക്ഷ-2018

കേരള സർവകാലശാല പി.എച്ച്.ഡി പ്രവേശന പരീക്ഷ-2018 മേയ് ആറിന് രാവിലെ 10 മുതൽ 1 മണി വരെ കോട്ടൺഹിൽ ഗേൾസ് ഹൈസ്കൂളിൽ വച്ച് നടത്തും. ആയതിനുവേണ്ടി സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ച് ന്യൂനതകൾ സംബന്ധിച്ച് വിശദമായ വിവരങ്ങൾ അപേക്ഷകരുടെ പ്രൊഫൈലിൽ കൊടുത്തിട്ടുണ്ട്. അപേക്ഷകർ സർവകലാശാല റിസർച്ച് പോർട്ടലിലെ (www.research.keralauniversity.ac.in) രജിസ്റ്റർ ചെയ്ത പ്രൊഫൈൽ പരിശോധിച്ച് അപാകതകൾ ഉള്ളപക്ഷം (ഫോട്ടോ അറ്റസ്റ്റേഷൻ ചെയ്യാത്തത്, എലിജിബിലിറ്റി സർട്ടിഫിക്കറ്റ്, ഡി.ഡി/ചലാൻ സമർപ്പിക്കാത്തവർ, അപേക്ഷയിൽ ഒപ്പിടാത്തവർ മുതലായവ) ആയവ മാർച്ച് 24-നുള്ളിൽ പരിഹരിച്ച് അപേക്ഷകൾ സ്വീകാര്യയോഗ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടും.

## എം.ബി.എ ടൈംടേബിൾ

വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം മാർച്ച് 21-ന് നടത്തുന്ന മൂന്നാം സെമസ്റ്റർ എം.ബി.എ സപ്ലിമെന്ററി ഡിഗ്രി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## കേരള സർവകലാശാല യുവജനോത്സവം

കേരള സർവകലാശാല യുവജനോത്സവം മാർച്ച് 20 മുതൽ 24 വരെ കൊല്ലത്ത് സംഘടിപ്പിക്കും. എല്ലാ കോളേജുകളും മാർച്ച് 16 ഉച്ചയ്ക്ക് 2-നുള്ളിൽ ഓൺലൈൻ വഴി ടീമിന്റെ രജിസ്ട്രേഷൻ നടത്തണം. അതാത് കോളേജുകളുടെ ഇ-മെയിൽ രജിസ്ട്രേഷനാവശ്യമായ വിവരങ്ങൾ ഇതിനോടകം തന്നെ ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പറുകൾ: 1.കൃഷ്ണജിത്ത്. ആർ.ജെ-9495990719 (ചെയർമാൻ, കേരള സർവകലാശാല യൂണിയൻ 2017-18), 2. ആദർഷ്. എം. സജി-9567559529 (ജനറൽ സെക്ര

ട്ടറി, കേരള സർവകലാശാല യൂണിയൻ 2017-18), 3. ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവ്വീസസ്-0471-2302923.

## പ്ലേസ്മെന്റ് ഡ്രൈവ്

തിരുവനന്തപുരം കേരള യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ പ്രവർത്തിക്കുന്ന, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ മോഡൽ കരിയർ സെന്റർ ബിരുദധാരികളായ ഉദ്യോഗാർത്ഥികൾക്കായി മാർച്ച് 21-ന് തിരുവനന്തപുരം ജില്ലാ എംപ്ളോയ്മെന്റ് ഓഫീസ് ബിൽഡിംഗിലുള്ള ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കോൺഫറൻസ് ഹാളിൽ വച്ച് ഒരു സൗജന്യ പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുന്നു. L & T Finance, PNB Metlife സ്ഥാപനങ്ങളിലായി Insurance Manager, Field Officer തുടങ്ങിയ തസ്തികകളിലായി സംസ്ഥാനമൊട്ടാകെ 500-ഓളം ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നതിന് അവസരമുണ്ട്. പ്ലേസ്മെന്റ് ഡ്രൈവിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ ഈ മാസം 20-ന് ഉച്ചയ്ക്ക് 12 മണിക്ക് മുൻപായി http://bit.ly/2p9TyKb എന്ന ലിങ്ക് വഴി പേര് രജിസ്റ്റർ ചെയ്യണം. ഒഴിവുകൾ സംബന്ധിച്ച വിശദ വിവരങ്ങൾക്ക് www.facebook.com/MCCTVM സന്ദർശിക്കുക. വിശദവിവരങ്ങൾക്ക് ഓഫീസ് പ്രവർത്തി സമയത്ത് 0471-2304577, 9159455118 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## ക്ലാസ്സുകൾ ആരംഭിക്കും

വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം നടത്തുന്ന ബി.സി.എ (2017-2020 ബാച്ച്)-ന്റെ രണ്ടാം സെമസ്റ്റർ ക്ലാസ്സുകൾ കാര്യവട്ടം ക്യാമ്പസിൽ മാർച്ച് 17 മുതൽ ആരംഭിക്കും.

## എം.എസ്സി ഫലം

2017 ഫെബ്രുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്സി ഇലക്ട്രോണിക്സ്, ബയോഇൻഫർമാറ്റിക്സ് പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്സി ഫലം

വിദൂരവിദ്യാഭ്യാസ കേന്ദ്രം 2017 ജൂലൈയിൽ നടത്തിയ എം.എസ്സി മാത്തമാറ്റിക്സ് മേഴ്സിചാൻസ് (പ്രീവിയസ്, ഫൈനൽ) (1999 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ആർക്ക് പരീക്ഷ

ഏപ്രിലിൽ നടത്തുന്ന ഒൻപതാം സെമസ്റ്റർ ബി.ആർക്ക് സപ്ലിമെന്ററി (2013 സ്കീം) പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.സി.എ ഫലം

2017 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.സി.എ (2015 സ്കീം - റഗുലർ & സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## കരിക്കുലം ഫെയർ – 2018

കേരള സർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് എഡ്യുക്കേഷൻ, കരിക്കുലം ഡെവലപ്മെന്റ് സെന്റർ, ഐ.ക്യൂ.എ.സി, ഫ്ളെയർ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ കരിക്കുലം ഫെയർ മാർച്ച് 16, 17 തീയതികളിൽ കേരള സർവകലാശാലയുടെ സ്റ്റുഡന്റ് അമിനിറ്റി സെന്ററിൽ വച്ച് നടക്കും. ഇതിനോടനുബന്ധിച്ച് വൈവിധ്യമാർന്ന കരിക്കുലർ മാതൃകകളുടെ പഠനരീതികളുടെയും പ്രദർശനം മാർച്ച് 22 വരെ ഉണ്ടായിരിക്കും. അക്കാഡമിക് രംഗത്തും നോൺ അക്കാഡമിക് രംഗത്തും പ്രവർത്തിക്കുന്ന തൽപരരായ ഏവർക്കും പ്രദർശനത്തിൽ പങ്കെടുക്കാം.

തിരുവനന്തപുരം.
15.03.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ